പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2678** | **06.11.2019-ൽ മറുപടിയ്ക്ക്**

**എർത്ത്ഡാം കോളനിയിലെ ആദിവാസി കുടുംബങ്ങൾക്ക് വീട്**

**ചോദ്യം**

ശ്രീ.കെ. ബാബു

**മറുപടി**

എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പറമ്പിക്കുളം എർത്ത്ഡാം കോളനിയിലെ എത്ര കുടുംബങ്ങൾക്കാണ് വീട് നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | എ) | 38 കുടുംബങ്ങൾക്ക് ഹഡ്കോ ഭവന പദ്ധതി പ്രകാരം ഒന്നാം ഗഡുവായി 52,500/- രൂപാ വീതം അനുവദിച്ചിട്ടുണ്ട്. |
| ബി) | എർത്ത്ഡാം കോളനിയിലുള്ള ആദിവാസി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) | ഉണ്ട്. കൈവശ ഭൂമി കഴിച്ച് 5 സെൻറ് മാത്രം ഉള്ള ടി കുടുംബങ്ങൾക്ക് നിലവിൽ ഇവർ താമസിച്ച് വരുന്ന വീടുകൾ പൊളിച്ച് മാറ്റിയാൽ മാത്രമേ പുതിയ വീട് നിർമ്മിക്കാൻ കഴിയുകയുള്ളൂ. ഭവന നിർമ്മാണത്തിന്റെ കാലയളവിൽ മാറ്റി പാർപ്പിക്കാൻ സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാലാണ് വീട് നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്തത്. |
| സി) | നിലവിലുള്ള തടസ്സങ്ങൾ നീക്കി ഭവനനിർമ്മാണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | സി) | വീടുകൾ പൊളിച്ച് കഴിഞ്ഞാൽ പുതിയ വീട് പണി പൂർത്തീകരിക്കുന്നത് വരെ താത്കാലികമായി താമസിക്കുവാൻ വനം വകുപ്പിന്റെ സ്ഥലം ലഭ്യമാക്കുന്നതിന് ജന പ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം 9/11/19 ന് ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**